# സൗജന്യ ടൂർ പ്രോഗ്രാം

ടിക്കറ്റ്: സൗജന്യം
സീറ്റ്: ഒ.കെ.

**സവിശേഷതകൾ:**

❖ ഈ യാത്രയുടെ ദിവസമോ സമയമോ സുനിശ്ചിതമല്ല.
❖ ആർക്കും ഏത് നിമിഷവും പങ്കാളിയാകാവുന്നതാണ്.
❖ മുൻ കൂട്ടി ബുക്ക് ചെയ്യേണ്ടതില്ല.
❖ ധനികനും ദരിദ്രനും ഒരേവിധത്തിലുള്ള വാഹനവും ക്ലാസും.
❖ യാത്രക്കാരിൽ നിന്നും യാതൊരുവിധ ചിലവും ഈടാക്കുന്നതല്ല.
❖ കുടുംബബന്ധം പുലർത്തുന്നവർക്കും ദാനശീലർക്കും യാത്ര അൽപ്പം വൈകിയേക്കാം.

**യാത്രയിൽ ആവശ്യമുള്ളവ:**

❖ മൂന്ന് കഷ്ണം തുണിയും അൽപ്പം പഞ്ഞിയും കഴിയുമെങ്കിൽ കരുതിയാൽ നന്നായിരിക്കും. സുഗന്ധദ്രവ്യങ്ങൾ അനുവദനീയമാണ്. സൽക്കർമ്മങ്ങൾ, ദാനധർമ്മങ്ങൾ, ദീനിനുവേണ്ടിയുള്ള പരിശ്രമങ്ങൾ, വിജ്ഞാനം എന്നിവയുടെ തോതനുസരിച്ച് യാത്രയും തുടർന്നുള്ള കാഴ്ചകളും സന്തോഷകരമായിരിക്കും. മറ്റേതെങ്കിലും ഭാരം കൈവശം വെക്കുന്നത് കഠിന ശിക്ഷക്ക് ഇട യാക്കും.

**യാത്രയിലെ അനുഭവങ്ങൾ:**

❖ യാത്രക്കിടയിൽ താൽക്കാലിക വിശ്രമം നിർബന്ധമാണ്. അനിവാര്യഘട്ടങ്ങളിൽ മാത്രമേ ഒരു റൂമിൽ ഒന്നിലധികം പേരെ താമസിപ്പിക്കുകയുള്ളു. യാത്രികരുടെ കർമ്മങ്ങൾക്കനുസരിച്ച് റൂമി ലെ സൗകര്യങ്ങൾ കൂടാനും കുറയാനും സാധ്യതയുണ്ട്. താൽക്കാലിക വിശ്രമത്തിന്റെ ആരംഭ ത്തിൽ അപരിചിതരായ രണ്ടുപേരുടെ ചോദ്യങ്ങൾക്ക് വ്യക്തമായും ദൃഢമായും ഉത്തരം നൽകുന്ന വർക്കുമാത്രമേ തുടർന്നുള്ള യാത്ര സുഖകരമാകൂ. പ്രസ്തുത യാത്ര വളരെ സാഹസികവും ദുർഘടവുമായിരിക്കും. ജീവിതത്തിൽ ഇന്നേവരെ ദർശിച്ചിട്ടില്ലാത്ത തൂക്കുപാലത്തിലൂടെയുള്ള സഞ്ചാരമാണ് യാത്രയുടെ പര്യവസാനം. ഈ തൂക്കുപാലത്തിലൂടെ വിജയകരമായി കടന്നു പോകുന്നവർക്ക് തുടർന്നുള്ള ജീവിതവും ആനന്ദകരമായിരിക്കും.

**മുൻകരുതലുകൾ:**

❖ താങ്കൾക്ക് മുമ്പ് യാത്ര പോയവരെയെല്ലാം ഓർമ്മിക്കുന്നത് നല്ലതാണ്. യാത്രാരേഖകളും ടിക്കറ്റും ലഭിച്ചുകഴിഞ്ഞവരും അല്ലാത്തവരും ഉടനടി യാത്രക്കൊരുങ്ങണമെന്ന് അറിയിക്കുന്നു. സാമ്പത്തിക ബാധ്യകൾ കൊടുത്തുതീർക്കണമെന്നും ആരെയെങ്കിലും മാനസികമായോ ശാരീരിക മായോ പ്രയാസപ്പെടുത്തിയിട്ടുണ്ടെങ്കിൽ അവരെ നേരിൽ കണ്ട് ക്ഷമ ചോദിക്കണമെന്നും ഓർമ്മ പ്പെടുത്തുന്നു. അല്ലാത്തപക്ഷം യാത്ര അതീവ ദുസ്സഹമായിരിക്കും. ആരാധനകളിലെ കൃത്യ നിഷ്ഠ, സൽക്കർമ്മങ്ങൾ, ദീനിന് വേണ്ടിയുള്ള സമർപ്പണം, അതിനായുള്ള ത്യാഗങ്ങൾ മുതലായവ താങ്കളുടെ യാത്രാസൗകര്യങ്ങൾ കൂടുതൽ വിപുലപ്പെടുത്തും.
❖ കൂടുതൽ അന്വേഷണങ്ങൾക്ക് തൊട്ടടുത്തുള്ള പള്ളി ഇമാമുമായോ ഇസ്‌ലാമിക പ്രവർത്ത കരുമായോ ബന്ധപ്പെടുക.
❖ താങ്കളുടെ സീറ്റ് റിസർവ്വ് ചെയ്തിരിക്കുന്നുവെന്ന് ഒരിക്കൽ കൂടി ഓർമ്മപ്പെടുത്തുന്നു. യാത്ര ക്കായി ഒരുങ്ങിക്കൊള്ളുക. കൂടുതൽ വിവരങ്ങൾക്ക് ഖുർആനും സുന്നത്തും നോക്കാവുന്നതാണ്.

********************************

'നിങ്ങൾ ഭയന്നോടുന്ന ആ മരണം... അത് നിങ്ങളെ പിടികൂടുക തന്നെ ചെയ്യും' (ജുമുഅ: 8)